AKSHAYA
Gateway of Opportunities

# അക്ഷയജാലകം

ന്യൂസ് ബുള്ളറ്റിൻ

KERALA STATE IT MISSION

Issue - 1 | Enabling Akshaya is Empowering Kerala | 2017 September

# ഡിജിറ്റൽ വികസനത്തിലൂടെ സമൂഹ പുരോഗതി ലക്ഷ്യമാക്കി ഐടി നയം

## വ്യാജ അക്ഷയകേന്ദ്രങ്ങൾക്കെതിരെ നടപടി സ്വീകരിക്കും : ഡയറക്ടർ

സർക്കാർ മാനദണ്ഡപ്രകാരം മാത്രം പ്രവർത്തിക്കുന്ന അക്ഷയകേന്ദ്രങ്ങളെ അനുകരിച്ച് സേവനങ്ങൾ നൽകുന്ന വ്യാജകേന്ദ്രങ്ങൾക്കെതിരെ നടപടിയെടുക്കുമെന്ന് ഡയറക്ടർ അറിയിച്ചു. ഗവൺമെന്റിന്റെയും കേരള സംസ്ഥാന ഐ. ടി മിഷന്റെയും അംഗീകാരമുണ്ടെന്ന വ്യാജപ്രചരണങ്ങൾ നടത്തിയാണ് ഇത്തരം കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നത്. ഇത് തികച്ചും വസ്തുതാവിരുദ്ധമാണ്. ഈ കേന്ദ്രങ്ങൾ മുഖേന സമർപ്പിക്കുന്ന വ്യക്തിഗത രേഖകളും വിവരങ്ങളും സുരക്ഷിതമായിരിക്കുകയില്ല. ഇവ പലരും ദുരുപയോഗം ചെയ്യുന്നുവെന്ന് ഇന്റലിജൻസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആധാർ, ഇ-ഡിസ്ട്രിക്റ്റ് തുടങ്ങിയ സർവ്വീസുകൾ സർക്കാർ അംഗീകൃത അക്ഷയ സി.എസ്.സി മുഖേന മാത്രമേ വാണിജ്യാടിസ്ഥാനത്തിൽ നടത്താൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഐ.ടി വകുപ്പിന്റെയും, ജില്ലാ കളക്ടറുടെയും നിയന്ത്രണത്തിലാണ് അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. ഇവയ്ക്ക് സമാനമായ രൂപകൽപനയും പേരും ഉപയോഗിച്ച് അംഗീകൃത അക്ഷയ കേന്ദ്രമാണെന്ന് തെറ്റിദ്ധരിപ്പിച്ച് പ്രവർത്തിക്കുന്ന വ്യാജകേന്ദ്രങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കും. സംസ്ഥാനത്തെ അംഗീകൃതഅക്ഷയ സെന്ററുകളുടെ വിവരങ്ങൾ www.akshaya.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.



നാടിന്റെ വികസനത്തിന് ഡിജിറ്റൽ സാങ്കേതികവിദ്യ ഫലപ്രദമായി ഉപയോഗപ്പെടുത്തണമെന്നും അതുവഴി ശക്തമായ ഒരു വൈജ്ഞാനിക സമൂഹത്തെ വാർത്തെടുക്കണമെന്നും ലക്ഷ്യമിട്ട് സംസ്ഥാന ഐടി നയം പ്രഖ്യാപിച്ചു. ആധുനിക വ്യവസായങ്ങളുടെ വളർച്ചയ്ക്കും ജനക്ഷേമത്തിനും ഡിജിറ്റൽ സാങ്കേതിക വിദ്യയെ ഫലപ്രദമായി ഉപയോഗപ്പെടുത്തണം. ഐടി മേഖലയിൽ പുതിയ നിക്ഷേപം എത്തിക്കുന്നതിനും സംസ്ഥാനത്ത് പുതിയ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും മുൻഗണന നൽകിയിട്ടുണ്ട്. രണ്ടരലക്ഷം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്നതും ഐടി നയത്തിന്റെ ഭാഗമാണ്. സൈബർ സുരക്ഷ, ഇന്റർനെറ്റ് സ്വാതന്ത്ര്യം, സ്വകാര്യത എന്നിവ ഉറപ്പാക്കും. സ്വതന്ത്ര ഓപ്പൺ സാങ്കേതിക വിദ്യകളെ പ്രോത്സാഹിപ്പിക്കും.

കേരളത്തിൽ 100 ശതമാനം ഡിജിറ്റൽ സാക്ഷരത കൈവരിച്ച് ഇൻഫർമേഷൻ ടെക്നോളജിയുടെ ഗുണഫലം എല്ലാവരിലും എത്തിക്കും. ഇ-ഗവേർണൻസ് പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കും. ഇലക്ട്രോണിക്സ്, ടെലികമ്യൂണിക്കേഷൻ മേഖലയിൽ തൊഴിലുകൾക്ക് അനുയോജ്യരും വിദഗ്ദ്ധരുമായ യുവാക്കളുടെ നിരയെ വാർത്തെടുക്കും. കേരളത്തെ ഇലക്ട്രോണിക് ഹബ് ആക്കിമാറ്റാനും വീട്ടമ്മമാർക്ക് ഇലക്ട്രോണിക് ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിൽ പരിശീലനം നൽകാനും ഐടി നയം ലക്ഷ്യമിടുന്നു. ഐടി വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭകർക്കും നിക്ഷേപകർക്കും ഇളവുകൾ നൽകുകയും. ചെറുകിട, ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ സർക്കാർ ഓൺലൈൻ വിപണനകേന്ദ്രം തുറക്കുകയും ചെയ്യും. പൊതുജനങ്ങൾക്ക് ഉപയോഗിക്കാനുള്ള ആപ്ലിക്കേഷനുകൾക്കായി കേരള ആപ്സ്റ്റോർ, സർക്കാർ ഇടപാടുകൾക്കായി ഏകജാലക പോർട്ടൽ എന്നിവയും നയത്തിലുണ്ട്.

## എഡിറ്റോറിയൽ

സേവനലഭ്യത പൗരാവകാശമാണെന്ന ബോധം കേരളജനതയിൽ സൃഷ്ടിക്കുന്നതിൽ അക്ഷയ വഹിച്ചുവരുന്ന പങ്ക് അതിപ്രധാനമാണ്. സമയബന്ധിതമായും സുതാര്യമായും സേവനങ്ങൾ ജനങ്ങളിലെത്തിക്കുന്നതോടൊപ്പം വിവര വിജ്ഞാനവിനിമയത്തിന്റെ കേന്ദ്രങ്ങൾ കൂടിയാണ് ഇന്ന് അക്ഷയ. സേവനങ്ങളുടെ പുതിയ പുതിയ മേഖലകളിലേക്ക് വളർന്നുകൊണ്ടിരിക്കുന്ന അക്ഷയ അതിന്റെ പ്രവർത്തനമേഖല കൂടുതൽ വിപുലപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. സർക്കാർ മേഖലയിലെ ഏതാവശ്യവും കൈയെത്തും ദൂരത്ത് ലഭിക്കുകയും ഇ-ഗവേർണൻസിന്റെ നേട്ടങ്ങൾ ഏതൊരാൾക്കും ലഭിക്കുകയും ചെയ്യുക എന്ന ലക്ഷ്യം പ്രായോഗികമാക്കുന്നതിൽ മുഖ്യപങ്ക് വഹിക്കാൻ അക്ഷയയ്ക്ക് കഴിയും.

കേരളത്തെ ഡിജിറ്റൽ സംസ്ഥാനമാക്കി മാറ്റുന്നതിൽ സുപ്രധാനമായ ഒരു പങ്ക് അക്ഷയയ്ക്ക് വഹിക്കാനാകും. സാധാരണക്കാരിലേക്ക് ഡിജിറ്റൽ സാങ്കേതികവിദ്യയുടെ നേട്ടങ്ങൾ എത്തിക്കുന്നതിനും സാമ്പത്തിക വിനിമയം ഉൾപ്പെടെ അവരെക്കൊണ്ട് ചെയ്യിക്കുന്നതിനും ആവശ്യമായ ഡിജിറ്റൽ സാക്ഷരത വ്യാപകമാക്കുന്നതിൽ മുൻനിരയിൽ നിൽക്കാനും നേതൃത്വപരമായ പങ്ക് വഹിക്കാനും നമുക്ക് കഴിയണം.

## ഇ-ഡിസ്ട്രിക്ട്: മലയാളത്തിൽ അപ്‌ലോഡ് ചെയ്യണം

ഔദ്യോഗികഭാഷ സംബന്ധിച്ച നിയമസഭാസമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അക്ഷയ കേന്ദ്രങ്ങളിൽനിന്നും പൊതുജനങ്ങൾക്ക് മലയാളത്തിൽ സർട്ടിഫിക്കറ്റുകൾ നൽകേണ്ടതാണ്. ഇതിനായി സംസ്ഥാന ആവശ്യത്തിനുള്ള അപേക്ഷകൾ മലയാളത്തിലും സംസ്ഥാനേതര ആവശ്യങ്ങൾക്കുള്ള അപേക്ഷകൾ ഇംഗ്ലീഷിലും അപ്‌ലോഡ് ചെയ്യണം. അക്ഷയകേന്ദ്രങ്ങൾ ഈ നിർദ്ദേശം കൃത്യമായും പാലിക്കേണ്ടതാണ്.

## പാൻ കാർഡിന് പുതുക്കിയ ഫോം 60

പാൻ കാർഡ് ലഭ്യമല്ലാത്തവർക്ക് ബാങ്ക് അക്കൗണ്ട് എടുക്കുന്നതിനായി ഫോം 60 പൂരിപ്പിച്ചു നൽകേണ്ടതാണെന്ന് എസ്.ബി.ഐ അധികൃതർ അറിയിച്ചു. പുതിയ അക്കൗണ്ടുകൾ എടുക്കുന്നവർ നിർബ്ബന്ധമായും പുതുക്കിയ ഫോം 60 പൂരിപ്പിച്ചു നൽകേണ്ടതാണ്. പുതുക്കിയ ഫോം അക്ഷയ സംരംഭകർക്ക് മെയിലായി അയച്ചിട്ടുണ്ട്.

## കപ്പാസിറ്റി ബിൽഡിംഗ് പരിശീലനം ഒന്നാംഘട്ടം പൂർത്തീകരിച്ചു

അക്ഷയ സംരംഭകരിൽ സംരംഭകത്വ മികവ് വളർത്തുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിവരുന്ന കപ്പാസിറ്റി ബിൽഡിംഗ് പരിശീലനപരിപാടിയുടെ ഒന്നാംഘട്ടം പൂർത്തീകരിച്ചു. പതിനാല് ജില്ലകളിലായി 444 സംരംഭകർ ഏകദിന പരിശീലനത്തിൽ പങ്കെടുത്തു. ഓഫീസ് മാനേജ്മെന്റ്, ബിസിനസ് മോട്ടിവേഷൻ, കസ്റ്റമർ ഹാന്റ്ലിംഗ് എന്നീ വിഷയങ്ങളിലാണ് പരിശീലനം നൽകിയത്. അക്ഷയ സ്റ്റേറ്റ് പ്രോജക്ട് ഓഫീസിൽ പ്രവർത്തിക്കുന്ന ട്രെയിനിംഗ് ടീമാണ് പരിശീലനത്തിന് നേതൃത്വം നൽകുന്നത്.



തിരുവനന്തപുരത്ത് നടന്ന കപ്പാസിറ്റിബിൽഡിംഗ് ട്രെയിനിംഗിൽ ഡയറക്ടർ സംരംഭകരുമായി ചർച്ച നടത്തുന്നു.

## ഇ-ഡിസ്ട്രിക്ട്: ഫ്ളോ ചാർട്ട് പ്രസിദ്ധീകരിച്ചു.

ഇ-ഡിസ്ട്രിക്ട് സേവനങ്ങളുമായി ബന്ധപ്പെട്ട എല്ലാ സർട്ടിഫിക്കറ്റുകളുടെയും പ്രോസസിംഗ് രീതി വിശദീകരിക്കുന്ന ഫ്ളോചാർട്ട് പ്രസിദ്ധീകരിച്ചു. സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുന്ന രീതി, അപേക്ഷാഫീസ്, സർവ്വീസ് ചാർജ്ജ്, അപ്‌ലോഡ് ചെയ്യേണ്ട രേഖകൾ തുടങ്ങി എല്ലാ വിവരങ്ങളും ഫ്ളോചാർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. സംരംഭകർക്കും സ്റ്റാഫിനും ഒരു റഫറൻസ് രേഖയായി ഇതുപയോഗിക്കാവുന്നതാണ്. കോപ്പി എല്ലാ സംരംഭകർക്കും അയച്ചിട്ടുണ്ട്.

## റിപ്പോർട്ടുകളും രചനകളും

ന്യൂസ് ലറ്ററിൽ ഉൾപ്പെടുത്തുന്നതിലേക്ക് ജില്ലാതലത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും ഫോട്ടോയും newsletteraspo@gmail.com എന്ന മെയിൽ ഐഡിയിലേക്ക് അയച്ചുതരേണ്ടതാണ്.

## ലേണിംഗ് ഒളിമ്പ്യാഡ്

ഉദ്പാദനപരമായും ധാർമികമായും സാങ്കേതികവിദ്യയെ ഉപയോഗിക്കുവാൻ ജനങ്ങളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പാഠ്യപദ്ധതിയാണ് ലേണിംഗ് ഒളിമ്പ്യാഡ്. സൈബർ നിയമങ്ങളും ഇന്ത്യൻ നിയമവ്യവസ്ഥയിൽ അവയ്ക്കുള്ള സ്ഥാനവും മനസ്സിലാക്കാനും വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ പ്രവർത്തകർക്കും ഡിജിറ്റൽ ശാക്തീകരണം നടത്തുവാനും പഠനം ലക്ഷ്യമിടുന്നു. ആശയ സംവാദത്തിലൂടെയും പ്രായോഗിക വിശകലനത്തിലൂടെയും ക്ലാസ്സ്റൂം പഠനത്തിൽ ഗുണപരമായ പരിവർത്തനം വരുത്താനും ആധികാരികവും ലളിതവുമായ പഠനരീതിയിലൂടെ പൗരൻമാരിൽ സഹവർത്തിത്തം വളർത്താനും ഗ്രാമപ്രദേശങ്ങളിൽ ലേണേഴ്സ് കമ്യൂണിറ്റി രൂപപ്പെടുത്താനും പഠനം അവസരമൊരുക്കും. സുരക്ഷിതമായ ഒരു സൈബർ ലോകം സൃഷ്ടിച്ച് വളർന്നുവരുന്ന തലമുറയെ ഭാവിയുടെ ശക്തിയും പ്രതീക്ഷയുമാക്കി മാറ്റുകയാണ് ലേണിംഗ് ഒളിമ്പ്യാഡിന്റെ ആത്യന്തിക ലക്ഷ്യം. വിദ്യാർത്ഥികൾക്കായി ബേസിക്, അഡ്വാൻസ് കോഴ്സുകളും വിദ്യാഭ്യാസ പ്രവർത്തകർക്കും പൊതുജനങ്ങൾക്കും വ്യത്യസ്ത കോഴ്സുകളുമുണ്ട്. ഒക്ടോബർ 31 വരെ ലേണിംഗ് ഒളിമ്പ്യാഡിന് അക്ഷയ കേന്ദ്രങ്ങൾ വഴി രജിസ്റ്റർ ചെയ്യാവുന്നതാണ്.

## Taking technology to the next level

### *Researchers develop new platform making next-generation electronic devices more advanced.*

Physicists have developed a new hybrid integrated platform, promising to be a more advanced alternative to conventional integrated circuits. The researchers demonstrated their approach is mass manufacturable, making it possible to integrate the platform into everyday electronic equipment like smartphones. For end users this technical advance means it may lead to faster internet on their next-generation electronic devices.



The new device is smaller than a thumbnail with a size of 0.1mm x 4mm, and could be integrated into everyday electronic devices like smartphones.

## അക്ഷയ കേന്ദ്രങ്ങൾ ആധികാരിക വിവരങ്ങൾ നൽകണം-കളക്ടർ

അക്ഷയകേന്ദ്രങ്ങൾ പൊതുജനങ്ങൾക്ക് ആധികാരികമായി വിവരം നൽകുന്ന കേന്ദ്രങ്ങളാകണമെന്ന് പത്തനംതിട്ട ജില്ലാ കളക്ടർ ശ്രീമതി ആർ. ഗിരിജ. ക്ഷമാപൂർവ്വം കാര്യങ്ങൾ കേട്ടും സമയമെടുത്തും സാവധാനം പൊതുജനങ്ങൾക്ക് വിവരങ്ങളും സഹായവും നൽകാൻ അക്ഷയകേന്ദ്രങ്ങൾക്ക് കഴിയണം. അതോടൊപ്പം പൊതുജനങ്ങൾ സർക്കാരോഫീസുകൾ കയറിയിറങ്ങാതെ അക്ഷയ കേന്ദ്രങ്ങളിൽ ലഭിക്കുന്ന സേവനങ്ങൾക്ക് അക്ഷയയെത്തന്നെ സമീപിക്കണമെന്നും കളക്ടർ പറഞ്ഞു.പന്തളം നഗരസഭയിലെ തേവാലപ്പടി അക്ഷയകേന്ദ്രം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു കളക്ടർ.



തിരുവനന്തപുരത്ത് ഐസിടി അക്കാഡമിയുടെ പരിശീലനത്തിൽനിന്ന്

അക്ഷയ സംരംഭകരെ സാങ്കേതികമേഖലയിൽ മുൻനിരയിലെത്തിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ അക്ഷയ സംരംഭകർക്കും മൂന്നു ദിവസത്തെ പരിശീലനത്തിന് തുടക്കം കുറിച്ചു. തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ ആദ്യബാച്ച് പരിശീലനം തുടങ്ങി. ഐ.സി.ടി. അക്കാഡമിയാണ് പരിശീലനത്തിന് നേതൃത്വം നൽകുന്നത്.

*Success Story*

# അവസരങ്ങൾ കണ്ടെത്തി വിജയത്തിലേക്ക്

**അലി ഫായിസ് അഹമ്മദ്, KZD117 താമരശ്ശേരി പഞ്ചായത്ത്, കോഴിക്കോട്**

കോഴിക്കോട് ജില്ലയിലെ തച്ചംപൊയിൽ എന്ന കൊച്ചു ഗ്രാമത്തിൽ പ്രവർത്തിച്ചു വരുന്ന അക്ഷയകേന്ദ്ര മാണ് എന്റേത്. അക്ഷയ കേന്ദ്രങ്ങൾ ബ്രാന്റഡ് ആക്കണമെന്ന നിർദ്ദേശം വന്നപ്പോൾ ആദ്യംതന്നെ ബ്രാന്റിംഗ് രീതിയിലേക്ക് മാറിയ അക്ഷയകേന്ദ്രങ്ങളിലൊന്നാണിത്. ബിസിനസിന് പറ്റിയ സാഹചര്യമായിരുന്നില്ല ഇവിടെ യുള്ളത്. മാത്രമല്ല ജനവാസം കുറവും. എങ്കിലും ആത്മവിശ്വാസത്തോടെ സെന്റർ തുടങ്ങുകയായിരുന്നു. വളരെ ദയനീയമായ അവസ്ഥയായിരുന്നു ആദ്യകാലങ്ങളിൽ. ബിസിനസ് ഇല്ല. സാമ്പത്തിക ബുദ്ധിമുട്ട്. മുന്നോട്ട്പോക്ക് ഒരു വെല്ലുവിളിയായി മാറി. സെന്ററിലേക്ക് പ്രതീക്ഷിച്ചതുപോലെ ആളുവരുന്നില്ല.

ഏതുരീതിയിലും ബിസിനസ് മെച്ചപ്പെടുത്തണമെന്ന് ഞാൻ തീരുമാനിച്ചു. ആളുകളെ സെന്ററിലേക്ക് എത്തിക്കണം. ഒടുവിൽ 5000 രൂപ മുടക്കി ഞാൻ 100 ബോർഡുകൾ സ്ഥാപിച്ചു. കുറഞ്ഞ നിരക്കിൽ ഫോട്ടോ കോപ്പി എടുത്തുകൊടുക്കുമെന്ന അറിയിപ്പിന് ഫലം കണ്ടുതുടങ്ങി. ഫോട്ടോകോപ്പി എടുക്കാൻ വരുന്നവരോട് മറ്റ് സേവനങ്ങളെക്കുറിച്ച് പറഞ്ഞു. അവരിൽ കുറെയധികംപേർ വീണ്ടും കേന്ദ്രത്തിൽ വരാൻ തുടങ്ങി. അവ രിലൂടെ അറിഞ്ഞ് മറ്റുള്ളവരും വിവിധ ആവശ്യങ്ങൾക്കായി കേന്ദ്രത്തിലെത്തി. സെന്റർ സാമ്പത്തികമായി മെച്ച പ്പെട്ടുതുടങ്ങി.

പുറത്തേക്ക്കൂടി അക്ഷയയുടെ പ്രവർത്തന മേഖല വ്യാപിച്ചെങ്കിൽ മാത്രമേ സാമ്പത്തികമായി മെച്ചപ്പെ ടാനാകൂ എന്നു മനസ്സിലായി. തുടർന്ന് അതിനുള്ള ശ്രമങ്ങളാരംഭിച്ചു. അക്ഷയ എന്ന ബ്രാന്റ്നെയിം നൽകുന്ന വിശ്വാസ്യത ഇതിനു മുതൽക്കൂട്ടായി. സ്കൂൾ വിദ്യാർത്ഥികൾക്ക് ഐ.ഡി കാർഡ് നിർമിച്ചുനൽകുന്നത് നല്ലൊരു ബിസിനസ് അവസരമാണെന്ന് മനസ്സിലാക്കി ആ മേഖലയിൽകൂടി ശ്രദ്ധ കേന്ദ്രീകരിച്ചു. ഇപ്പോൾ 20-ഓളം സ്കൂളു കളിൽ സ്ഥിരമായി ഐ.ഡി കാർഡ് തയ്യാറാക്കിക്കൊടുത്തുകൊണ്ടിരിക്കുന്നു. ഇപ്പോഴിത് നല്ലൊരു വരുമാന മാർഗ്ഗമാണ്. കൂടാതെ ലേസർപ്രിന്റിംഗ്, റബ്ബർ സീൽ എന്നിവയും നിർമ്മിച്ചു നൽകിവരുന്നു. ഇപ്പോൾ അക്ഷയ കേന്ദ്രത്തിൽ തിരക്കായിത്തുടങ്ങി. ഇത്തരത്തിൽ വരുമാന സാദ്ധ്യതയുള്ള പുതിയ ബിസിനസ് മേഖലകൾ കണ്ടെത്താനുള്ള ശ്രമത്തിലാണിപ്പോൾ. മറ്റ് അക്ഷയകേന്ദ്രങ്ങൾക്കും ഇവ മാതൃകയാക്കാവുന്നതാണ്.

## ജില്ലാ വാർത്തകൾ

**കോട്ടയം:** ജില്ലയിലെ പായിപ്പാട് അക്ഷയകേന്ദ്രത്തി ന്റെ ആഭിമുഖ്യത്തിൽ വായനാദിനത്തോടനുബന്ധിച്ച് മലയാള മനോരമയുമായി ചേർന്ന് *വായനക്കളരി* സംഘടിപ്പിച്ചു. പ്ലസ് ടു, പത്താം ക്ലാസ്സ് പരീക്ഷകളിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ കുട്ടികൾക്ക് ക്യാഷ് അവാർഡ് നൽകി.

**കോഴിക്കോട്:** ജില്ലാഭരണകൂടം, ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി, അക്ഷയജില്ലാ പ്രോജക്ട് ഓഫീസ് എന്നിവർ സംയുക്തമായി കോഴിക്കോട് ഗവ.മാനസികാരോഗ്യ കേന്ദ്രത്തിലെ അന്തേവാസി കൾക്കായി ആധാർ എൻറോൾമെന്റ് ക്യാമ്പ് നടത്തി.

**വയനാട്:** വയനാട് ജില്ലയിലെ കോട്ടത്തറ പഞ്ചായത്തിലെ ആദിവാസി മേഖലയിൽ ആധാർ എൻറോൾമെൻറും അക്കൌണ്ട് ഓപ്പണിംഗും നടത്തി. മാസ്സീവ് കാമ്പയിനിംഗ് പ്രോഗ്രാം എന്ന പേരിൽ നടത്തിയ പരിപാടിയിൽ നൂറോളം പേർ അക്കൌണ്ടും ആധാറും എടുത്തു.

**ആലപ്പുഴ:** നൂറനാട് ലെപ്രസി ഹോസ്പിറ്റലിലെ അന്തേ വാസികൾക്ക് ആധാർ എൻറോൾമെൻറ് നടത്തി. ആലപ്പുഴ ജില്ലാ ഓഫീസിന്റെ നേതൃത്വത്തിലായിരുന്നു എൻറോൾ മെന്റ്.



കൊല്ലം ജില്ലയിലെ ആലുംമൂട് അക്ഷയ കേന്ദ്രം മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ ഉദ്ഘാടനം ചെയ്യുന്നു

## ട്രൈഡി പദ്ധതി

ആധാർ, ബാങ്ക് അക്കൗണ്ട്, മൊബൈൽ നമ്പർ എന്നീ മൂന്ന് ഐഡികളും തമ്മിൽ ബന്ധിപ്പിക്കുന്നതി നായി കണ്ണൂർ ജില്ലാ ഭരണകൂടം ആരംഭിച്ച ട്രൈഡി പദ്ധതി വിജയപ്രദമായി. പുതുതായി ആധാർ എടുക്കു ക, ആധാറിൽ തിരുത്തലുകൾ വരുത്തുക, ബാങ്ക് അക്കൗണ്ട് എടുക്കുക തുടങ്ങി നിരവധി ഡിജിറ്റൽ സേവനങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ ഡിജിറ്റൽ രഥം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ പര്യടനം നടത്തി.